

ഉഷ.എസ്



# വയലുകളും ഭക്ഷ്യ പരമാധികാരവും

**എന്റെ** കുട്ടിക്കാലത്ത്, ഏകദേശം 35-40 വർഷങ്ങൾക്കു മുമ്പ്, കേരളത്തിൽ ഏറ്റവും സുലഭമായി ഉണ്ടായിരുന്ന വസ്തു ഏതെന്നു ചോദിച്ചാൽ വെള്ളമാണെന്നു ഞാൻ പറയും. ഏതൊരു ഗ്രാമത്തിലും നഗരത്തിലും നിറഞ്ഞു നിന്നിരുന്നൊരു കാഴ്ചയായിരുന്നു തോടുകളും കുളങ്ങളും കിണറുകളും എല്ലാം. എവിടെ നിന്നും നമുക്ക് വെള്ളം കുടിക്കാം. മറ്റു സംസ്ഥാനത്തെ ജനങ്ങളെയും ഭരണാധികാരികളെയും അസൂയപ്പെടുത്തിയിരുന്നതും നമ്മുടെ നാട്ടിലെ ഈ നിർമ്മലമായ വെള്ളമാണ്. 44 പുഴകളും തീരദേശത്തിനോടു സമാന്തരമായി കിടക്കുന്ന കായലുകളും തുടർച്ചയായ വയലുകളും അതിലെ ജൈവവൈവിധ്യവും സുരക്ഷിതമായി ജീവിക്കാനുള്ള ഒരു അന്തരീക്ഷം ഇവിടെ നമുക്ക് തന്നു. എന്നാൽ ഇക്കഴിഞ്ഞ വെറും മുപ്പതോ നാൽപതോ വർഷം കൊണ്ട് ഇവിടുത്തെ ഭരണാധികാരികളും എഞ്ചിനീയർമാരും ശാസ്ത്രജ്ഞരും എല്ലാം ചേർന്ന് ഇന്നത്തെ കുട്ടികൾക്കായി ബാക്കിയാക്കിയത് 15 രൂപ കൊടുത്താൽ കിട്ടുന്ന കുപ്പിവെള്ളമാണ്. വെള്ളത്തിന്റെ സ്വാഭാവികത ഇന്നത്തെ തലമുറക്ക് അന്യമായിരിക്കുന്നു. പൈപ്പിലൂടെ കിട്ടുന്നതാണ് ശുദ്ധജലമെന്ന ഒരു ധാരണയും പൈപ്പുവെള്ളം കിട്ടാത്ത ഗ്രാമങ്ങൾ അവികസിതമാണെന്ന തോന്നലും ഇതിനിടയിൽ ഇവിടെ വളർന്നുവന്നു.

കേരളത്തിലെ എല്ലാ പുഴകളും മലിനീകരിക്കപ്പെട്ടിരിക്കുന്നു എന്ന് നമുക്കറിയാം. പുഴ മത്സ്യങ്ങളിലെല്ലാം ഡി.ഡി.ടി, ബി.എച്ച്.സി തുടങ്ങിയ മാരക കീടനാശിനികളുടെ അവശിഷ്ടം കണ്ടെത്തിയതായി കോയമ്പത്തൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പാക്കോണിന്റെ ഒരു റിപ്പോർട്ട് ഈയിടെ പുറത്തു വന്നു. നഗരമാലിന്യങ്ങളും മറ്റു പാഴ്വസ്തുക്കളും കൊണ്ടിടാനുള്ള ഒരു സ്ഥലമായി പുഴകളും മറ്റു ജലാശയങ്ങളും മാറിക്കഴിഞ്ഞു. 8 ലക്ഷം ഹെക്ടറോളം ഉണ്ടായിരുന്ന നെൽവയലുകളുടെ നാശവും കായലുകളുടെ നാശവും ഇന്ന് കേവലം ഒരു പരിസ്ഥിതി പ്രശ്നം മാത്രമല്ല, നമ്മുടെ നിലനിൽപ്പിന്റെ പ്രശ്നമായിത്തന്നെ മാറിയിരിക്കുന്നു.

## വെറുതെ ഒഴുകിപ്പോകുന്ന ജലം

എഞ്ചിനീയർമാർ എക്കാലവും പറയുന്നൊരു കാര്യമുണ്ട്. പുഴകളിലെ വെള്ളം വെറുതെ ഒഴുകിപ്പോകുന്നു എന്നതാണത്. പുഴകളിൽ ഒഴുകാൻ വെള്ളമില്ലാതായിട്ടുപോലും അവരുടെ ഈ കാഴ്ചപ്പാട് മാറാതെയിരിക്കുന്നു. എന്നാൽ പുഴകൾ വെറുതെ ഒഴുകുകയായിരുന്നില്ല എന്നും അവ ഒഴുകിയതുകൊണ്ടാണ് ഇവിടുത്തെ നെൽപ്പാടങ്ങളും കായലുകളും തീരപ്രദേശവുമെല്ലാം സമ്പന്നമായി നിലനിന്നതെന്നും ഇവിടുത്തെ ജനങ്ങൾക്ക് കുടിവെള്ളവും ഭക്ഷണവും ലഭിച്ചിരുന്നതെന്നും ഉള്ള ശാസ്ത്രം അല്ലെങ്കിൽ സാമാന്യ അറിവ് അവർക്ക് ഇല്ലാതെ പോയി. ഇന്ന് കേരളം അതിഭീകരമായ ഒരു വരൾച്ചയിലേക്ക് വളർന്നുകൊണ്ടിരിക്കയാണ്. 50ശതമാനം പഞ്ചായത്തുകളും വരൾച്ചയുടെ പിടിയിലാണ്. ഇത് സ്വാഭാവികമായി ഉണ്ടായതല്ല എന്ന് ജനങ്ങൾക്കറിയാം. സർക്കാർ നയങ്ങളിലൂടെ, വികസനപദ്ധതികളിലൂടെ സൃഷ്ടിച്ചെടുത്ത വരൾച്ചയാണിത്. അതുകൊണ്ട് തന്നെ ഇതിന് സ്വാഭാവികമായ ഒരു തിരിച്ചു വരവ് സാദ്ധ്യമല്ല.

## നെൽകൃഷിയും കുടിവെള്ളവും

എമർജിംഗ്കേരള ഇൻവെസ്റ്റ് മെന്റ് മീറ്റിനുവന്ന പ്ലാനിംഗ് കമ്മീ

ഷൻ വൈസ് ചെയർമാൻ ശ്രീ.മൊണ്ടേക് സിംഗ് അലുവാലിയ പറഞ്ഞത് കേരളത്തിലെ വയലുകൾ ഇനി നെൽകൃഷിക്കായി മാറ്റിവെക്കേണ്ടതില്ലെന്നാണ്. കുറേക്കൂടി ആദായകരമായ കാര്യങ്ങൾക്കായി ഈ ഭൂമി ഉപയോഗിക്കപ്പെടണം എന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. ഡൽഹിയിൽ തിരിച്ചെത്തിയിട്ടും അദ്ദേഹം ഇത് ആവർത്തിച്ചു. കഴിഞ്ഞ 5 വർഷങ്ങളായി അദ്ദേഹം കേരളത്തിലെ ഭരണാധികാരികളോട്, ആസൂത്രണബോർഡിനോട് ഇതുതന്നെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അറിവില്ലാത്തവർ അധികാരത്തിലിരുന്നാൽ ഇങ്ങനെയല്ലേ പറയാൻ കഴിയൂ. ഒരു കാര്യം വ്യക്തമാണ് കേരളത്തിലെ കൃഷിയെപ്പറ്റി, കാർഷിക സംസ്ക്കാരത്തെപ്പറ്റി, നെൽവയലുകളുടെ പ്രാധാന്യത്തെപ്പറ്റി മിസ്റ്റർ അലുവാലിയക്ക് ഒന്നും അറിയില്ല. ഇന്ത്യയിലെ കർഷകരെപ്പറ്റി, കൃഷിയെപ്പറ്റി യാതൊരു മതിപ്പുമില്ലാത്ത ആളാണ് അദ്ദേഹം. നമ്മുടെ കർഷകർ ദാരിദ്ര്യം അനുഭവിക്കുന്നത് അവരുടെ കഴിവുകേടുകൊണ്ടാണെന്നാണ് അലുവാലിയയും പ്രധാനമന്ത്രിയും ഒക്കെ വിശ്വസിക്കുന്നത്. അതുകൊണ്ടാണ് അവരുടെ എണ്ണം കുറക്കാൻ രണ്ടുപേരും കഠിനശ്രമം നടത്തുന്നത്.



കേരളത്തിലെ നെൽപ്പാടങ്ങളുടെ മേൽ, തണ്ണീർത്തടങ്ങളുടെ മേൽ ഇപ്പോൾ കേരളീയർക്കു മാത്രമല്ല കണ്ണ്. ഇത് ആറന്മുള വിമാനത്താവള പദ്ധതി പ്രഖ്യാപിച്ചതോടെ വ്യക്തമായി കഴിഞ്ഞതാണ്. ടൂറിസം വികസനത്തിന്റേയും റിയൽഎസ്റ്റേറ്റ് വികസനത്തിന്റേയും പേരിൽ ഉത്തരേന്ത്യൻ ലോബികൾ കേരളത്തിലെ നെൽപ്പാടങ്ങളും കായലും ഒക്കെ വാങ്ങിക്കൂട്ടുകയാണ്. കഴിഞ്ഞ പത്തുവർഷങ്ങളായി സർക്കാർ ചെലവിൽ ഉണ്ടായ ടൂറിസം വികസനം അവരെപ്പോലും വിഡ്ഢികളാക്കിക്കൊണ്ട് പൊതുജനങ്ങൾക്ക് യാതൊരു ഗുണവുമില്ലാതെ ഈ ലോബിയുടെ ഭൂമികയ്യടക്കലായി മാറിക്കൊണ്ടിരിക്കുകയാണ്. അവർക്ക് വേണ്ടിയും കൂടിയാണ് അലുവാലിയ സംസാരിച്ചത്. ഇതിന് ഒത്താശപറയാൻ ഇവിടുത്തെ കുറച്ച് രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും ഉണ്ടായി!! നമുക്ക് കുടിവെള്ളം വേണം ഭക്ഷണം വേണം എന്നുപറയുന്നത് ഇത്ര നാണം കെട്ട ഒരേർപ്പാടായിട്ടാണോ ഇവർ കരുതുന്നത്?

കേരളം നെൽകൃഷി ഉപേക്ഷിക്കണമോ എന്ന് ഇനി കേരളത്തിൽ ജീവിക്കുന്ന നമ്മൾ തന്നെ ചിന്തിക്കേണ്ട വിഷയമാണ്. എട്ടുലക്ഷം ഹെക്ടറിൽ നിന്ന് വയലിന്റെ വിസ്തൃതി രണ്ടരലക്ഷം ഹെക്ടറായി കുറഞ്ഞു കഴിഞ്ഞു. ഇതിൽ തന്നെ കുറേ ഭാഗം തരിശിട്ടിരിക്കുകയാണ്. നമ്മുടെ ഭക്ഷണം മുഴുവൻ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നു. നമ്മുടെ നാട്ടിലെ ആശുപത്രികളുടെ എണ്ണം, രോഗികളുടെ എണ്ണം, സ്ത്രീകളുടേയും കുട്ടികളുടേയും അനാരോഗ്യം എന്നിവ കൂടിക്കൊണ്ടിരിക്കുന്നു. നമ്മൾ ഒരേ തരം ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നു. കുടിവെള്ളം പണം കൊടുത്തു വാങ്ങേണ്ടിവരുന്നു. പച്ചവെള്ളം കുടിക്കാൻ പറ്റാതാകുന്നു ഇതൊക്കെയാണോ നമ്മൾ സ്വപ്നംകണ്ട വികസനം? നെൽകൃഷി നിർത്തി അരി ഇറക്കുമതി ചെയ്യാമെന്നാണ് അലുവാലിയ പറഞ്ഞത്. അതിനായി കിഴക്കൻ സംസ്ഥാനങ്ങളിൽ ഹരിതവിപ്ലവം തുടങ്ങിയിരിക്കുകയാണ് കേന്ദ്രസർക്കാർ. (പഞ്ചാബിന്റെ നാശം ഒരു തുടർക്കഥയാകുന്നു). കിഴക്കൻ സംസ്ഥാനങ്ങൾക്ക് നമുക്കുവേണ്ട വെള്ളം കൂടി തരാൻ കഴിയുമോ? ഇനി അതും കൂടിയേ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യാനായി ബാക്കിയുള്ളൂ.

## ഭക്ഷ്യപരമാധികാരം

കേരളത്തിൽ ഇന്ന് ഭക്ഷണം വിളയുന്നത് നെൽപ്പാടങ്ങളിലാണ്. ടനല്ല് മാത്രമല്ല, പച്ചക്കറികളും കപ്പയും വാഴയുമെല്ലാം ഈ വയലുകളെ ആശ്രയിച്ചാണ് ഉൽപാദിപ്പിക്കുന്നത്. ഇതിൽ വലിയൊരളവോളം പാട്ടകൃഷിയുമാണ്. കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്ത്രീകൾ നടത്തുന്ന കൃഷി തന്നെ ഒരു ലക്ഷം ഏക്കറോളം വരും. ഇതൊന്നും വികസനമായി ആസൂത്രണക്കമ്മീഷൻ കാണുന്നില്ല.

നെൽവയലുകൾ നമ്മുടെ മഴ സംഭരണികളാണ്. കരയെയും പുഴയെയും കായലുകളെയും ബന്ധിപ്പിക്കുന്ന ആവാസവ്യവസ്ഥ കൂടിയുമാണിവ. മത്സ്യങ്ങളുടെ പ്രജനനത്തിനും പക്ഷികളുടെ അതിജീവനത്തിനും കിണറുകളിലെ വെള്ളത്തിന്റെ റീചാർജ്ജിംഗിനും ആശ്രയം നെൽവയലുകളും അവയോട് ചേർന്ന തണ്ണീർത്തടങ്ങളുമാണ്. ഉത്തരേന്ത്യയിലെ വരണ്ട പാടങ്ങളല്ല കേരളത്തിലെ വയലുകൾ. ജൈവവൈവിധ്യത്തിന്റെ ഒരു കലവറ തന്നെയാണിത്. ഇവിടെ നെൽകൃഷി ചെയ്യുമ്പോൾ നെല്ല് മാത്രമല്ല നമുക്ക് കിട്ടുന്നത്. ഒട്ടനവധി മത്സ്യങ്ങളും കിഴങ്ങുകളും ഇലക്കറികളുമാണ്. നമ്മുടെ താറാവുകൾക്കും പശുക്കൾക്കും മേയാനുള്ള ഇടം കൂടിയാണ് നെൽവയലുകൾ. എന്നാൽ നമ്മൾ തന്നെ ഇതെല്ലാം കാണാതായിരിക്കുന്നു എന്നതാണ് ദുഃഖകരമായ കാര്യം. അവിടെയാണ് അലുവാലിയ വിജ

*ശേഷം പേജ് 16 ൽ*

പോയിരിക്കുന്നു.

## വയലുകളും ഭക്ഷ്യ പരമാധികാരവും പേജ് 12ൽ നിന്നു തുടർച്ച

യിക്കുന്നത്.

വെള്ളം ഒഴുകിയാലേ നന്നാകൂ. ഇത് നമ്മുടെ നാട്ടിലെ പഴയ ആളുകൾക്കറിയാം. ആദിവാസികൾക്ക് ഇന്നുമറിയാം. കിണറ്റിലെ വെള്ളം കുടിക്കാത്ത ആദിവാസികൾ ഇപ്പോഴും നമ്മുടെ നാട്ടിലുണ്ട്. വെള്ളം വെറുതെ ഒഴുകുകയല്ല. വയലുകളെല്ലാം പുഴകളുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. വയലുകൾ നികന്നു കഴിഞ്ഞാൽ പുഴകളുടെ അവസ്ഥ എന്താകും? എവിടെയെല്ലാം വെള്ളത്തിന്റെ ഒഴുക്ക് നഷ്ടപ്പെട്ടിട്ടുണ്ടോ അവിടെയെല്ലാം വെള്ളത്തിന്റെ സ്വഭാവം മാറുകയും ഗുണം കുറയുകയും മലിനപ്പെടാനുള്ള സാദ്ധ്യത ഏറുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ വികസനജ്വരത്തിൽ നമ്മുടെ തണ്ണീർത്തടങ്ങളെല്ലാം തന്നെ ഇങ്ങനെ കൃത്രിമജലാശയങ്ങളായും അഴുക്കുചാലുകളായും മാറിയിരിക്കുകയാണ്.

അത്ഭുതം തോന്നുന്ന കാര്യം ഈ നാശം നമ്മുടെ നാട്ടിലെ ഭരണാധികാരികൾ കാണുന്നില്ല എന്നതാണ്. സ്വന്തം പറമ്പിലെ തെങ്ങിന് ജൈവവളമിട്ടാൽ, കിണർ കുത്തിയാൽ പരിസ്ഥിതി സംരക്ഷണമായി എന്നു വിശ്വസിക്കുന്ന മന്ത്രിമാർ വരെ നമ്മെ ഭരിക്കുന്ന കാലമാണിത്. അറിവില്ലായ്മ ഒരു ഭൂഷണമായി കൊണ്ടുനടക്കുന്ന, അതിൽ അഹങ്കരിക്കുന്ന ഇത്തരക്കാരോട് നമ്മൾ എന്ത് മറുപടിയാണ് നൽകുക? എങ്ങനെയാണ് നമ്മുടെ നിൽനിൽപിന് ആധാരമായ ഈ ഭൂമിയെ തണ്ണീർത്തടങ്ങളെ സംരക്ഷിക്കുക?

വിമാനത്താവളങ്ങളുടേയും ഹൈസ്പീഡ് റെയിൽ കോറിഡോറിന്റേയും ഇൻവെസ്റ്റ്മെന്റ് സോണിന്റെയും കാഹളം മുഴക്കി അവസാനിച്ച എമർജിംഗ്കേരളയെക്കുറിച്ച് കേട്ട പലരും പ്രതികരിച്ചത് ഇത് സബ്മർജിംഗ്കേരളയെന്നാണ്. കേരളത്തെ മുക്കികളയാനുള്ള പദ്ധതികളാണിവയെല്ലാമെന്നാണ്.

300 ദശലക്ഷം ആളുകൾ പട്ടിണി കിടക്കുമ്പോൾ തന്നെ അരിയും ഗോതമ്പും കയറ്റുമതി ചെയ്യാൻ ഒരുങ്ങുന്ന കേന്ദ്ര സർക്കാറിന് കേരളത്തോട് പ്രത്യേകിച്ച് മമതയൊന്നുമില്ലെന്ന് തിരിച്ചറിഞ്ഞാൽ നമുക്ക് നല്ലത്. ഇവിടുത്തെ ഉദ്യോഗസ്ഥ-രാഷ്ട്രീയ നേതൃത്വം അത് തിരിച്ചറിയുന്നില്ലെങ്കിൽ നമ്മളിത് തിരിച്ചറിയണം. ഭക്ഷണം കഴിക്കുന്നവർക്ക് ആഹാരം ഉല്പാദിപ്പിക്കാനുള്ള കഴിവും ഉണ്ടാകണം. നമ്മുടെ ചർച്ചകളും സംവാദങ്ങളും പാട്ടും നൃത്തവുമെല്ലാം വയലുകളിലേക്ക് മാറ്റേണ്ടിയിരിക്കുന്നു. ഭക്ഷ്യപരമാധികാരത്തിന്റെ ഒരു പുതിയ വിത്തിടാൻ സമയമായിരിക്കുന്നു.